## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3139 | | 21.08.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| പ്ലാസ്റ്റിക് നിരോധനം | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.കെ.മുരളീധരൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | തിരുവനന്തപുരം നഗരസഭാ പരിധിയിൽ പ്ലാസ്റ്റിക് പൂർണ്ണമായി നിരോധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എന്നുമുതലാണ് നിരോധനം നടപ്പിലാക്കുവാൻ ആലോചിക്കുന്നത്; | (എ) | ഉണ്ട്. 24.01.2017-ലെ കൗൺസിൽ തീരുമാനം നം.3(ഡി) പ്രകാരം പ്ലാസ്റ്റിക് ക്യാരിബാഗ് പൂർണ്ണമായി നഗരസഭാ പരിധിയിൽ മാർച്ച് 1 മുതൽ നിരോധിച്ചിട്ടുണ്ട്. |
| (ബി) | പ്ലാസ്റ്റിക് മൂലമുള്ള രൂക്ഷമായ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് നിരോധനം പൂർണ്ണതോതിലും, കർശനമായും നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ പൂർണ്ണമായി ഒഴിവാക്കേണ്ടതാണ്. 50 മൈക്രോണും അതിന് മുകളിലുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ വിൽക്കുന്നതിനും വിനിയോഗം ചെയ്യുന്നതിനും കുറഞ്ഞത് 4000 രൂപ ലൈസൻസ് ഫീയായി പ്രതിമാസം നൽകുവാനും നിഷ്കർഷിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം ഗണ്യമായി കുറയ്ക്കുന്നതിന് ഈ നടപടികളിലൂടെ സാദ്ധ്യമാകും എന്നതിനാൽ സംസ്ഥാനത്തെ മിക്ക തദ്ദേശ സ്ഥാപനങ്ങളും ഈ നടപടികളുമായി മുന്നോട്ടുപോവുകയാണ്. എല്ലാതരം പ്ലാസ്റ്റിക് ക്യാരിബാഗുകളും നിരോധിക്കുന്നതിലൂടെ മാത്രമേ ഒരു ശാശ്വതപരിഹാരം ഉണ്ടാകൂ എന്നതിനാൽ സംസ്ഥാനത്ത് മൊത്തം ബാധകമാക്കുന്ന നിയമങ്ങൾ നടപ്പാക്കുന്ന രീതിയിലുള്ള ആലോചനകൾ ഇപ്പോൾ പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ